# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.678 — 05/06/2018-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ

| | ചോദ്യം<br><br>**ശ്രീ.ഇ.കെ.വിജയൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ വിശദമാക്കാമോ; | (എ) | ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് , അംഗീകൃത ലൈസൻസുള്ള വയർമാനെക്കൊണ്ട് വീട് വയറിംഗ് നടത്തിയ ശേഷം കണക്ഷൻ നൽകുന്നതിന് ആവശ്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും സഹിതം സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. സെക്ഷനുകളിൽ സമർപ്പിക്കുന്നതിന് പകരം അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനു സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ രണ്ടായി ചുരുക്കിയിട്ടുണ്ട് (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ). |
| (ബി) | വിവിധ കാരണങ്ങളാൽ വീട്ട് നമ്പർ ലഭിക്കാത്തതും എന്നാൽ ആൾതാമസമുള്ളതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടോ; | (ബി) | 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകൾ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വീട് നിർമ്മിക്കാൻ കഴിയാത്ത, താൽക്കാലിക ഷെഡ്ഡിൽ താമസിക്കുന്നവർക്ക് വൈദ്യുതി നൽകാൻ തടസ്സങ്ങൾ ഉണ്ടോ; | (സി) & (ഡി) | വീട് നിർമ്മിക്കാൻ കഴിയാത്ത, താൽക്കാലിക ഷെഡ്ഡിൽ താമസിക്കുന്ന ഉപഭോക്താക്കൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് വീടിന്റെ വയറിംഗ് നടത്തി, ആവശ്യമുള്ള രേഖകൾ ഹാജരാക്കി, നിശ്ചിത ഫീസ് ഒടുക്കിയാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്. |
| (ഡി) | ഇത്തരം താമസക്കാർക്ക് വൈദ്യുതി ലഭിക്കാൻ നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ